കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടകര ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2014-15,2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ എസ് എ.കെ.കെ.ഡി/പി7/412/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്
കാര്യാലയം കോഴിക്കോട്,
തീയതി : 24.03.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടകര ബ്ലോക്ക് പഞ്ചായത്ത്- 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ -2014-15,2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്

നം: കെ.എസ്.എ.കെ.കെ.ഡി/പി7/412/2017 തിയ്യതി:24.03.2017

# കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ - 2014-15 ,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01.04.2014 മുതൽ 10.02.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഉണ്ണികൃഷ്ണൻ.പി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017 മുതൽ 20.02.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയകുമാർ പാലോളി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷിനിത്ത് എ | ഓഡിറ്റർ |
| | ശ്രീ. ഇല്യാസ് .ടി. | |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷക്കീല ഈങ്ങോളി | 01.04.2014മുതൽ 30.09.2015 വരെ |
| | ശ്രീ കോട്ടയിൽ രാധാകൃഷ്ണൻ (ചുമതല) | 01.10.2015മുതൽ 31.10.2015 വരെ |
| | ബ്ലോക്ക് സെക്രട്ടറി കൺവീനറായ അഡ്മിനിസ്റ്റേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ കോട്ടയിൽ രാധാകൃഷ്ണൻ | 19.11.2015മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ എ പി രാമദാസൻ | 01.04.2014മുതൽ 31.05.2014വരെ |
| | ശ്രീ എം അനിൽ കുമാർ (ഇൻ ചാർജ്) | 31.05.2014മുതൽ 03.07.2014വരെ |
| | ശ്രീ ജോർജ് തോമസ് | 03.07.2014മുതൽ 08.05.2015വരെ |
| | ശ്രീമതി ജീനാഭായി കെ (ഇൻ ചാർജ്) | 08.05.2015മുതൽ 04.07.2015വരെ |
| | ശ്രീ ജോർജ് തോമസ് | 04.07.2015മുതൽ 18.05.2015 വരെ |
| | ശ്രീ ജയ് പി ബാൽ | 18.05.2015മുതൽ 30.09.2015 വരെ |
| | ശ്രീ എ ഉണ്ണിക്കൃഷ്ണൻ | 30.09.2015മുതൽ 15.02.2016വരെ |
| | ശ്രീ സുരേശൻ എം | 15.02.2016മുതൽ 31.03.2016 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ. പി.എം. രവീന്ദ്രൻ | 1-04-2014 മുതൽ 31-05-2015വരെ |
| | ഡോ.മോഹൻ എം | 01.06.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ മാധവനുണ്ണി. എം | 01.04.2014 മുതൽ 05.02.2015 വരെ |
| | ശ്രീ സന്തോഷ് എം വി | 06.02.2015 മുതൽ 07.12.2015 വരെ |
| | ശ്രീ ദിലീപ് കുമാർ കെ | 08.12.2015 മുതൽ 03.01.2016 വരെ |
| | ശ്രീ ഉദയൻ കെ യു | 04.01.2016 മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| വ്യവസായ വികസന ഓഫീസർ (ഐ ഡി ഒ) | ശ്രീ പി കെ ഗംഗാധരൻ | 01.04.2014മുതൽ 31.03.2016 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ (സി ഡി പി ഒ) | ശ്രീമതി ശാന്ത.എൻ (ഇൻ ചാർജ്) | 1-04-14 മുതൽ 30.08.2014 വരെ |
| | ശ്രീമതി പുഷ്പ കെ (ഇൻ ചാർജ്) | 01.09.2014മുതൽ 24.11.2014 വരെ |
| | ശ്രീമതി പുഷ്പലത പി (ഇൻ ചാർജ്) | 25.11.2014മുതൽ 26.11.2015 വരെ |
| | ശ്രീമതി ധന്യ ടി എൻ | 27.11.2015മുതൽ 31.03.2016 വരെ |
| ക്ഷീര വികസന ഓഫീസർ (ഡി ഇ ഒ) | ശ്രീ ശശികുമാർ. പി.എസ് | 01.04.2014മുതൽ 30.09.2015വരെ |
| | ശ്രീ അനിൽ കുമാർ എ ജി | 01.10.2015മുതൽ 27.01.2016 വരെ |
| | ശ്രീ ഉണ്ണിക്യഷ്ണൻ എം | 28.01.2016മുതൽ 31.03.2016 വരെ |
| പട്ടിക ജാതി വികസന ഓഫീസർ (എസ് സി ഡി ഒ) | ശ്രീമതി ശ്രീലത കെ | 01.04.2014മുതൽ 02.06.2015 വരെ |
| | ശ്രീ ജോൺ നൈനാൻ | 03.06.2015മുതൽ 31.03.2016 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ (എ ഡി എ) | ശ്രീമതി സുഷമ കെ പി (അധികച്ചുമതല) | 01-04-2014മുതൽ 02.04.2014 വരെ |
| | ശ്രീമതി ഡോളി.പി. | 03.04.2014മുതൽ 15.09.2014 വരെ |
| | ശ്രീമതി സുഷമ കെ പി (അധികച്ചുമതല) | 16.09.2014മുതൽ 28.09.2014 വരെ |

| | | |
|---|---|---|
| | ശ്രീമതി അനിത പി | 29.09.2014മുതൽ 26.11.2014 വരെ |
| | ശ്രീ എ സുരേഷ് നെൽസൺ | 27.11.2014മുതൽ 22.09.2015 വരെ |
| | ശ്രീമതി ബി കെ ജയശ്രീ | 22.09.2015മുതൽ 31.03.20 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 10 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 2-1 | |
| 11 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രശീതി പിരിവ് നടത്തിയതിലെ അപാകതകൾ | 2-2 | |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 12 | ടാറിംഗിന് അധിക നിരക്ക് നൽകി | 3-1 | |
| 13 | വനിതാ ഗ്രൂപ്പുകൾക്ക് കറവപശുക്കളെ വാങ്ങിനൽകൽ (2014-15)- പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ. | 3-2 | |
| 14 | വനിതാ ഗ്രൂപ്പുകൾക്ക് കറവപശുക്കളെ വാങ്ങിനൽകൽ -പദ്ധതിനടത്തിപ്പിലെ അപാകതകൾ | 3-3 | |

| | | | |
|---|---|---|---|
| 15 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 3-4 | |
| 16 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ളോക്ക് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 | |
| 17 | റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത്- ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല | 3-6 | |
| 18 | ഒരേ റോഡ് പ്രവൃത്തിയ്ക്ക് രണ്ട് പ്രൊജക്ടുകൾ- ആവശ്യകത വ്യക്തമാക്കേണ്ടതാണ് | 3-7 | |
| 19 | റോഡ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് -ചുമതലയിൽ പെടാത്തത് | 3-8 | |
| 20 | സാധനങ്ങൾ വാങ്ങിയത്- പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല | 3-9 | |
| 21 | പ്രീ മെട്രിക് ഹോസ്റ്റൽ- ഫർണ്ണിച്ചർ വാങ്ങൽ | 3-10 | |
| 22 | ഗ്രൂപ്പ് വാഴ കൃഷി -അപാകതകൾ | 3-11 | |
| 23 | ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ളോക്ക് പഞ്ചായത്ത് വിഹിതം നൽകൽ-പ്രോജക്ട് രൂപീകരണത്തിലെ അപാകതകൾ. | 3-12 | |
| 24 | മഴക്കാല പൂർവ്വ ശുചീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-13 | |
| 25 | ലാപ് ടോപ് വിതരണം -മാനദണ്ഡങ്ങൾ പാലിച്ചില്ല. | 3-14 | |
| 26 | തറി ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി | 3-15 | |
| 27 | കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയത്- പൊളിച്ചെടുത്ത സാധനങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല | 3-16 | |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |

| | | | |
|---|---|---|---|
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 03.03.2014ലെ 297ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു. 2015-16 വർഷത്തെ ബജറ്റ് 27.03.2015ന ഭരണസമിതി അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.07.2015 | 20.07.2015 |
| 2015-16 | 31.07.2016 | 25.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2014-15 | 13.02.2017 മുതൽ 20.02.2017 വരെ | കെ.എസ്.എ.കെ.കെ.ഡി. പി7/412/2017തി. 24.03.2017 |
| 2015-16 | | |

## 1-4 സാമ്പത്തിക വിശകലനം

| | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 12641126 | 19356480 |
| വരവ് | 34176045 | 27529573 |
| ആകെ | 46817171 | 46886053 |
| ചിലവ് | 27460691 | 35942393 |
| നീക്കിയിരിപ്പ് | 19356480 | 10943660 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| | മുന്നിരിപ്പ് | വരവ് | ആകെ | ചിലവ് | നീക്കിയിരിപ്പ് | ചിലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതു വിഭാഗം വികസന ഫണ്ട് | 1586152 | 14229000 | 15815152 | 14769305 | 1045847 | 93 |
| വികസന ഫണ്ട് (എസ് സി പി) | 732601 | 1573000 | 2305601 | 401758 | 1903843 | 17.42 |
| വികസന ഫണ്ട് (ടി എസ് പി) | 0 | 0 | 0 | 0 | 0 | 0 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 181414 | 2163000 | 2344414 | 722505 | 1621909 | 30.81 |

2015-16

| | മുന്നിരിപ്പ് | വരവ് | ആകെ | ചിലവ് | നീക്കി യിരിപ്പ് | ചിലവ് ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| പൊതു വിഭാഗം വികസന ഫണ്ട് | 1045847 | 14394074 | 16297917 | 15439921 | 0 | 100 | (+)1903843 (ട്രാൻസ്ഫർ ക്രെഡിറ്റ്) (-)1903843 |
| വികസന ഫണ്ട് (എസ്. സി.പി) | 1903843 | 2171575 | 4075418 | 2171575 | 0 | 100 | (-)1903843 (ട്രാൻസ്ഫർ ക്രെഡിറ്റ്) |
| വികസന ഫണ്ട് (ടി.എസ് പി) | 0 | 17000 | 17000 | 17000 | 0 | 100 | |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 1621909 | 601343 | 2223252 | 2223252 | 0 | 100 | |

## 1-6 നടപ്പാക്കിയ പദ്ധതികൾ

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2014-15 | 51 | 33814162 | 37 | 15910568 | 14 | 72.54 |
| 2015-16 | 58 | 43564647 | 46 | 20351748 | 12 | 79.31 |

(മേൽ പട്ടിക സുലേഖ ചെലവ് പത്രിക അിസ്ഥാനമാക്കിയുള്ളതാണ്. കേന്ദ്രാവിഷ്കൃത ഫണ്ട്, ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ ചിലവ് തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല.)

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

| | ഇനം | 2014-15 | 2015-16 |
|---|---|---|---|
| 1 | നികുതി വരവുകൾ | ഇല്ല | ഇല്ല |
| 2 | നികുതിയേതര വരവുകൾ | 515859 | 614334 |
| 3 | മറ്റുവരവുകൾ | 2800000 | 3000000 |
| | ആകെ | 3315859 | 3614334 |

## 1-8 ക്യാഷ് നീക്കിയിരിപ്പ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2017ന കാലത്ത് 10 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പായ 8135 രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പറും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.10.2016 മുതൽ 07.10.2016 വരെ | 01.02.2016 മുതൽ 30.09.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.102005 | 2002-05 | എൽ.ബി.എ (എച്.ക്യൂ)/1 /പ്രോഗ്/05-06 /എൽ.ബി.എ എക്സ്/607 തീ 03.10.2005 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാടക ഇനത്തിൽ 2015-16 വർഷാദ്യത്തിൽ 3450 രൂപ പിരിക്കാനുണ്ട്. ഈ ഇനത്തിൽ 1500 രൂപയാണ് തൻവർഷം പിരിച്ചത്.യഥാർഥത്തിൽ ഈ ഇനത്തിൽ 1950 രൂപ കുടിശ്ശികയാണെങ്കിലും 600 രൂപ മാത്രമാണ് ബാലൻസ് ഷീറ്റ് ബി 15 പ്രകാരം കാണിച്ചിരിക്കുന്നത്.

2. ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ആവശ്യഗ്രാന്റ് ബാങ്ക് ബുക്കിൽ 15.04.2009 ന 89166 രൂപ വരവ് വെച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ടി തുക ട്രഷറി അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ,ലേല രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ വെവ്വേറെ എഴുതി സൂക്ഷിച്ചിട്ടില്ല.

4. പദ്ധതി നിർവഹണത്തിനു തനത് ഫണ്ട് ചിലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് പത്രികയിൽ ചിലവ് രേഖപ്പെടുത്തിയിട്ടില്ല.

5. പൊതു വിഭാഗം വികസന ഫണ്ടിൽ 2014-15 വർഷത്തെ മുൻബാക്കിയും ചിലവും 2015-16 വർഷത്തെ ചിലവും നീക്കിയിരിപ്പും എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

6. രജിസ്റ്റർ പ്രകാരം 2014-15 വർഷം വായ്പാ ഇനത്തിൽ 99818 രൂപയാണ് തിരിച്ചടവ്. എന്നാൽ വാർഷിക ധനകാര്യ പത്രിക (ആർ പി 32) പ്രകാരം 187490 രൂപയാണ് കാണിക്കുന്നത്.

7. വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയിൽ നിന്നും 2014-15 ൽ 3527750 രൂപയും 2015-16 ൽ 3451625 രൂപയും ചിലവുണ്ടെങ്കിലും ആയത് ചിലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 2-2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രശീതി പിരിവ് നടത്തിയതിലെ അപാകതകൾ

1. 471ാം നമ്പർ രശീതി ബുക്ക് പ്രകാരം 29.01.2013 ന 4087 രൂപയാണ് പിരിച്ചത്.അക്കൗണ്ടിലടച്ചത് 3600 രൂപയും.

2. 03.10.2015 ന 471/20 പ്രകാരം 78 രൂപ പിരിച്ചിട്ടുണ്ടെങ്കിലും അടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. 28.12.2015 ന 471/21 പ്രകാരം 12 രൂപ പിരിച്ചുണ്ടെങ്കിലും അടവാക്കിയതിന്റെ വിവരങ്ങളില്ല.

4. രസീതി ബുക്കുകൾ ഓരോ സാമ്പത്തിക വർഷത്തിലും വെവ്വേറെ ഉപയോഗിക്കണമെന്നുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല. 04.01.2012 ൽ ഇഷ്യൂ ചെയ്ത രശീതി ബുക്കിൽ തന്നെയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇപ്പോഴും പിരിവ് നടത്തുന്നത്.

തുക അടച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടാറിംഗിന് അധിക നിരക്ക് നൽകി

ബ്ലോക്ക് പഞ്ചായത്ത് 2015-16 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-10 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ടണ്ണിന് 50600/- രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയും കണക്കാക്കിയുള്ള നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് വിവിധ പ്രവൃത്തികൾക്ക് തുക നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതി: 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദമില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ടാറിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നിരക്കായ 50600/- രൂപയിലും കുറവായിട്ടും ഷെഡ്യൂൾ നിരക്കിൻമേൽ കോസ്റ്റ്ഇൻഡക്സ് അനുവദിച്ചതായി കാണുന്നു.ഇതുവഴി ബ്ലോക്ക് പഞ്ചായത്തിന്

291088/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നം, എഗ്രിമെന്റ് നം,തിയ്യതി, സാങ്കേതികാനുമതി ലഭിച്ച തിയ്യതി, എസ്റ്റിമേറ്റ് | മൂല്യനിർണയം ചെയ്ത തുക , അളവുപുസ്തകം, അവസാനബിൽ തുക, കരാറുകാരൻ | ചെയ്ത പ്രവൃത്തി(ഇനം), ആവശ്യമായ ടാർ | നൽകിയ തുക(കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) | നൽകാവുന്നത് | അധികം നൽകിയ തുക(രൂ) |
|---|---|---|---|---|---|---|
| 1 | എൻ.എച്ച്-ചാലിൽ കണ്ണൂക്കര LP സ്കൂൾ റോഡ് 35/16, 7/15-16 10/12/15, 124/15-16 3/09/15, 500000 | 499428/-, 88,89/14-15, 499428/-(ബിൽ നം.7/15-16 തീ.26/3/16), ulccs | ടാക്ക്കോട്ട് 471.93കി.ഗ്രാം (ഇനം11)629.25ച.മീ x.75കി.ഗ്രാം/ച.മീ. | 2186.64X 50.6X1.381 =152799 | 2186.64X50.6= 110644 | 42155 |
| | | | ചിപ്പിംഗ്കാർപ്പറ്റ് 957.96കി.ഗ്രാം (ഇനം.12) 665.25ച.മീx .144ടൺ/100ച.മീ. | | | |
| | | | സീൽകോട്ട് 651.7കിഗ്രാം(ഇനം13) 665.25ച.മീ x98കി.ഗ്രാം/100ച.മീ. | | | |
| | | | പോട്ട്ഹോൾ ഫില്ലിംഗ്-105.05 കി.ഗ്രാം(ഇനം.9) 60.03 ച.മിx 1.75/m2 | | | |
| 2 | മൂന്നാം ഗേറ്റ് റോഡ്-അഴിയൂര് ഗ്രാമപഞ്ചായത്ത് റോഡ്, 27/16, 1/15-16 10/12/15, 118/15-16 3/09/15, 500000 | 495613/-, 86/14-15 495613/- (ബിൽ നം. 8/15-16 തീ. 26/3/16) ulccs | ടാക്ക്കോട്ട് 525.78കി.ഗ്രാം (ഇനം5)701.05ച.മീ x.75കി.ഗ്രാം/ച.മീ. | 2222.32X 50.6X1.381 =155293 | 2222.32X50.6= 112449 | 42844 |
| | | | ചിപ്പിംഗ്കാർപ്പറ്റ് 1009.51കി.ഗ്രാം (ഇനം.6) 701.05ച.മീ x.144ടൺ/100ച.മീ. | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | സീൽകോട്ട്<br>687.03കിഗ്രാം(ഇനം7)<br>701.05ച.മീ x98കി.ഗ്രാം/100ച.മീ. | | | |
| 3 | തുപ്പരക്കണ്ടി റോഡ്-വി.ഡി.എൽ.പി സ്കൂൾ റോഡ്<br>34/16,<br>6/15-16 10/12/15,<br>123/15-16 03/09/15,<br>500000 | 500000,<br>91/14-15<br>500000/-,<br>(ബിൽ നം.18/15-16തീ.31 /3/16)<br>ulccs | ടാക്ക്കോട്ട്<br>295.87കി.ഗ്രാം<br>(ഇനം7)394.5ച.മീ x.75കി.ഗ്രാം/ച.മീ.<br><br>ടാക്ക്കോട്ട്<br>200.86കി.ഗ്രാം<br>(ഇനം8)401.72ച.മീ x.5കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാർപ്പറ്റ്<br>1148കി.ഗ്രാം<br>(ഇനം.9) 797.2ച.മീ x.144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>781.26കിഗ്രാം(ഇനം10)<br>797.2ച.മീ x 98കി.ഗ്രാം/100ച.മീ.<br><br>പോട്ട്ഹോൾ ഫില്ലിംഗ്-237.74 കി.ഗ്രാം(ഇനം.6)<br>135.85 ച.മിx 1.75/m2 | 2663.73X50.6 X1.381=186138 | 2663.73X<br>50.6=134785 | 51353 |
| 4 | മാടാക്കര സുനാമി കോളനി റോഡ്<br>38/16<br>10/15-16 10.12.15<br>126/15-16 3.9.15<br>500000 | 500000,<br>102/14-15<br>500000/-,<br>(ബിൽ നം.9/15-16തീ.26 /3/16)<br>ulccs | ടാക്ക്കോട്ട്<br>346.12കി.ഗ്രാം<br>(ഇനം7)461.5ച.മീ x.75കി.ഗ്രാം/ച.മീ. | 1945.92X50.6 X1.381=135978 | 1945.92X<br>50.6=98463 | 37515 |

| | | | | | | |
|---|---|---|---|---|---|---|
| | | | ടാക്ക്കോട്ട്<br>75കി.ഗ്രാം<br>(ഇനം8)150ച.മീ x.5കി.ഗ്രാം/ച.മീ. | | | |
| | | | ചിപ്പിംഗ്കാർപ്പറ്റ്<br>880.56കി.ഗ്രാം<br>(ഇനം.9) 611.5ച.മീ x.144ടൺ/100ച.മീ. | | | |
| | | | സീൽകോട്ട്<br>599.27കിഗ്രാം(ഇനം10)<br>611.5ച.മീ x98കി.ഗ്രാം/100ച.മീ. | | | |
| | | | പോട്ട്ഹോൾ ഫില്ലിംഗ്-44.97 കി.ഗ്രാം(ഇനം.6)<br>25.7 ച.മിx 1.75/m2 | | | |
| 5 | കൊട്ടിക്കൊല്ലോൻ ബീച്ച്-കീരിത്തോട് റോഡ്<br>28/16<br>2/15-16 10.12.15<br>119/15-16 3.9.15<br>500000 | 500000/-<br>90/14-15<br>500000/-(ബിൽ നം.17/15-16തീ.26 /3/16)<br>ulccs | ടാക്ക്കോട്ട്<br>330.15കി.ഗ്രാം<br>(ഇനം7)440.2ച.മീ x.75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാർപ്പറ്റ്<br>633.88കി.ഗ്രാം<br>(ഇനം.8) 440.2ച.മീ x.144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>431.4കിഗ്രാം(ഇനം9)<br>440.2ച.മീ x 98കി.ഗ്രാം/100ച.മീ. | 1395.43X50.6 X1.381=97511 | 1395.43x 50.6=70609 | 26902 |
| 6 | ഏറാമല പുറവിൽതാഴ റോഡ്<br>31/16<br>3/15-16 10.12.15 | 976986/-<br>87/14-15,11 /15-16<br>976986/-(ബിൽ | ടാക്ക്കോട്ട്<br>470.25കി.ഗ്രാം<br>(ഇനം9)627ച.മീ | 4684.96X50.6X 1.381=327378 | 4684.96x 50.6=237059 | 90319 |

| | | | | |
|---|---|---|---|---|
| | | | x.75കി.ഗ്രാം/ച.മീ. | |
| | | | ടാക്ക്കോട്ട്<br>435കി.ഗ്രാം<br>(ഇനം8)870ച.മീ x.5കി.ഗ്രാം/ച.മീ. | |
| | 120/15-16 3.9.15<br>980000 | നം.14/15-16തീ.26 /3/16)<br>ulccs | ചിപ്പിംഗ്കാർപ്പറ്റ്<br>2155.68കി.ഗ്രാം<br>(ഇനം.10) 1497ച.മീ x.144ടൺ/100ച.മീ. | |
| | | | സീൽകോട്ട്<br>1467.06കിഗ്രാം(ഇനം11)<br>1497ച.മീ x98കി.ഗ്രാം/100ച.മീ. | |
| | | | പോട്ട്ഹോൾ ഫില്ലിംഗ്-156.97 കി.ഗ്രാം(ഇനം.7)<br>89.7ച.മിx 1.75/m2 | |
| ആകെ | | | | 291088 |

കൂടാതെ ,റോഡ് പ്രവൃത്തികൾക്ക് ഡി.എസ്.ആർ പ്രകാരം കൂടിയ നിരക്കുള്ള VG 10 ബിറ്റുമിൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്.ഡി.എസ്.ആർ പ്രകാരം കുറഞ്ഞ നിരക്കായ 41000/-രൂപ മാത്രം ടണ്ണിനുള്ള VG 30 ഉപയോഗിക്കാമെന്നിരിക്കെയാണ്,9600/- രൂപ കൂടുതലുള്ള VG10 ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ, കേരളത്തിലെ കാലാവസ്ഥയിൽ അനുയോജ്യമാണ് എന്നതും പരിഗണിക്കേണ്ടതായിരുന്നു. ഡി.എസ്.ആർ പ്രകാരം നിരക്ക് കൂടുതലായിരുന്നെങ്കിലും, മാർക്കറ്റ് നിരക്കിൽ VG 10 ന്റെ വില VG 30 യുടെ വിലയേക്കാൾ കുറവായിരുന്നു എന്നത് അനർഹമായി വൻതോതിലുള്ള ലാഭം കരാറുകാർക്ക് ലഭിക്കാൻ കാരണമായി എന്നതും ഇവിടെ ശ്രദ്ധേയമാണ്.എന്നാൽ ഇതിനനുസൃതമായി മത്സരാധിഷ്ഠിതമായ ടെണ്ടർ ലഭിച്ചിട്ടില്ലയെന്നത് ഗൌരവപൂർവ്വം കാണേണ്ടതുണ്ട്. എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ ഏറ്റെടുത്തിരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. 291088/- രൂപ ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-2** വനിതാ ഗ്രൂപ്പുകൾക്ക് കറവപശുക്കളെ വാങ്ങിനൽകൽ **(2014-15)-**പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നം -44/15

നിർവ്വഹണം -ഡയറി എക് സ്റ്റൻഷൻ ഓഫീസർ.

അടങ്കൽ -1410000 (700000 വികസനഫണ്ട്,710000 നേരിട്ട് വഹിക്കുന്നത്)

ചെലവ് -700000 (ബിൽ നം-1/23-3-15 )

ബ്ലോക്ക്പഞ്ചായത്തിന് കീഴിലെ നാല് പഞ്ചായത്തുകളിലെ വനിതാ ഗ്രൂപ്പുകൾക്ക് കറവപശുക്കളെ വാങ്ങിനൽകുന്നതിനായാണ് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നാല് ഗ്രൂപ്പുകളിലെ അംഗങ്ങൾ വാങ്ങിയ 46 പശുക്കൾക്ക് സബ്സിഡിയായി ഒന്നിന് 15000 രൂപ നിരക്കിൽ 690000/- രൂപയും, പരിശീലനത്തിനായി 5000/-രൂപയും, പദ്ധതിനിർവ്വഹണ ചെലവുകൾക്കായി 5000/-രൂപയും നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രൂപ്പിന്റെ പേര് | കൈമാറിയതുക | അംഗങ്ങളുടെ എണ്ണം | വാങ്ങിയ പശുക്കളുടെ എണ്ണം |
|---|---|---|---|
| ഏറാമല ആക്ടിവിറ്റി ഗ്രൂപ്പ് | 180000 | 12 | 12 |
| ചോറോട് ആക്ടിവിറ്റി ഗ്രൂപ്പ് | 180000 | 12 | 12 |
| അഴിയൂർ ആക്ടിവിറ്റിഗ്രൂപ്പ് | 165000 | 11 | 11 |
| ഒഞ്ചിയം ആക്ടിവിറ്റിഗ്രൂപ്പ് | 165000 | 11 | 11 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ (എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ തീയ്യതി 16-11-2013 അനുബന്ധം 16 ഖണ്ഡിക 3.2 പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾ നിർബന്ധമായും വായ്പാബന്ധിതമായി നടപ്പാക്കേണ്ടതും. സബ്സിഡി തുക ബാങ്കിൽ അടവാക്കേണ്ടതുമാണ്. എന്നാൽ തൻവർഷം വായ്പാബന്ധിതമായല്ല പ്രോജക്ട് നടപ്പിലാക്കി യിരിക്കുന്നത്.
2. ഉരുക്കളെ ആരുടെ പേരിൽ നിന്നാണോ വാങ്ങുന്നത് അവരുടെ പേരിൽ സബ്സിഡി ഡിമാന്റ് ഡ്രാഫ്റ്റായോ അക്കൗണ്ട് പേ ചെക്കായോ നൽകണം, എന്നാൽ സബ്സിഡിതുകയായി 15000/- രൂപ വീതം ഓരോഗ്രൂപ്പ് അംഗങ്ങൾക്കുമായാണ് നൽകിയിരിക്കുന്നത്.
3. പശു /എരുമ എന്നിവയുടെ വിലയുടെ 50% എന്ന പരിധിക്ക് വിധേയമായിഒരാൾക്ക് 15000 എന്ന പരിധിക്ക് വിധേയമായി പത്ത് അംഗങ്ങൾ ഉള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 150000/- രൂപയാണ് സബ്സിഡിയായി നൽകാവുന്നത് എന്നാൽ 12 അംഗങ്ങൾ വീതമുള്ള ഏറാമല ,ചോറോട് ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് 180000/- രൂപ വീതവും , 11 അംഗങ്ങൾ വീതമുള്ള ഒഞ്ചിയം , അഴിയൂർ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് 1650000/-രൂപ വീതവുമാണ് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.
4. പശുക്കളെ പരിശോധിക്കുന്നതിന് വാഹനചാർജ്ജ് ഉൾപ്പെടെയുള്ള ഇനത്തിൽ 5000/- രൂപ പദ്ധതിനിർവ്വഹണചെലവുകൾക്കായി പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവുചെയ്തതായി കാണുന്നു.പദ്ധതി നിർവ്വഹണത്തിനായി പ്രെജക്ടിൽ തുക വകയിരുത്താൻ പാടില്ലാത്തതാണ്.പ്രസ്തുത ചെലവുകൾ പദ്ധതി നിർവ്വഹണത്തിന് മാത്രമായുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി വഹിക്കേണ്ടതാണ്.
5. ഗ്രൂപ്പ് സംരംഭങ്ങൾ ഒറ്റയൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതിയും ഉണ്ടായിരിക്കുകയും വേണം .എന്നാൽ ഗ്രൂപ്പുകളുടെ മേൽ നിർദ്ധേശപ്രകാരമുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.ചെലവ്തുക 700000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വനിതാ ഗ്രൂപ്പുകൾക്ക് കറവപശുക്കളെ വാങ്ങിനൽകൽ(2015-16) -പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം -23/16

അടങ്കൽ -1482000 (70000 വികസനഫണ്ട്,782000 ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്)

ചെലവ് - 700000/-(345000/- ബിൽ നം-4/11-3-16,355000/-ബിൽനം -2/30-3-16)
നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ.

പശുക്കളുടെ വിലയിനത്തിൽ സബ്സിഡിയായി 690000/-രൂപ ,ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനത്തിനായി 5000/-രൂപ, പദ്ധതി നടത്തിപ്പ് ചെലവുകൾക്കായി 5000/- രൂപ എന്നിങ്ങനെയാണ് പദ്ധതിക്കായി വികസനഫണ്ട് വകയിരുത്തിയത്.

ബ്ളോക്ക് പഞ്ചായത്തിലെ ഏറാമല ,ചോറോട്(12 പേർ വീതം),ഒഞ്ചിയം,അഴിയൂർ (11 പേർവീതം) ഗ്രാമപഞ്ചായത്തുകളിലെ വനിതാആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്കാണ് കറവപശു വിതരണം ചെയ്തിരിക്കുന്നത്. പർച്ചേസ് കമ്മിറ്റി മുഖാന്തിരം വാങ്ങിയ പശുക്കൾക്ക് സബ്സിഡിയായി ഒരുപശുവിന് 15000/-രൂപ നിരക്കിൽ 46 പശുക്കൾക്ക് 690000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ പശുക്കളെ വിറ്റ രജീഷ് കാരായീന്റവിട, ഗോവിന്ദരാജ് എന്നിവർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി നൽകുകയും 5000/- രൂപ വീതം പരിശീലനത്തിനും പദ്ധതി നിർവ്വഹണ ചെലവുകൾക്കായും ചെലവഴിച്ചിട്ടുമുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗ്ഗരേഖ സ.ഉ (എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ തീയ്യതി 16-11-2013 അനുബന്ധം 16 ഖണ്ഡിക 3.2 പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾ നിർബന്ധമായും വായ്പാബന്ധിതമായി നടപ്പോക്കേണ്ടതും. സബ്സിഡി തുക ബാങ്കിൽ അടവാക്കേണ്ടതുമാണ്. എന്നാൽ തൻവർഷം വായ്പാബന്ധിതമായല്ല പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നതും സബ്സിഡി തുക അനുവദിച്ചിരിക്കുന്നതും.
2. ഗ്രൂപ്പ് സംരംഭങ്ങൾ ഒറ്റയൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതിയും ഉണ്ടായിരിക്കുകയും വേണം .എന്നാൽ ഗ്രൂപ്പുകളുടെ മേൽ നിർദ്ധേശപ്രകാരമുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3. ഒരുവ്യക്തിക്ക് 15000/- രൂപ എന്നനിരക്കിൽ പത്ത് അംഗങ്ങൾ ഉള്ള ഒരു ഗ്രൂപ്പിന് 150000/- രൂപയാണ് പരമാവധി സബ്സിഡിയായി നൽകാവുന്നത് എന്നാൽ ചോറോട്,ഏറാമല ആക്ടിവിറ്റിഗ്രൂപ്പുകൾക്ക് 12അംഗങ്ങൾ വീതമുള്ളഗ്രൂപ്പുകൾ രൂപീകരിച്ച് 180000/- രൂപ വീതവും ഒഞ്ചിയം,അഴിയൂർ ആക്ടിവിറ്റിഗ്രൂപ്പുകൾക്ക് 11 അംഗങ്ങൾവീതമുള്ള ഗ്രൂപ്പുകൾ രൂപീകരിച്ച് 165000/- രൂപവീതവും സബ്സിഡി അനുവദിച്ചിട്ടുണ്ട്.
4. പദ്ധതി നിർവ്വഹണ ചെലവുകൾക്കായി 5000/- രൂപ പ്രോജക്ടിൽ വകയിരുത്തിയതായും ചെലവഴിച്ചതായും കാണുന്നു. പദ്ധതി നിർവ്വഹണചെലവുകൾക്കായി പ്രോജക്ടിൽ തുക വകയിരുത്താൻ പാടില്ല. പ്രസ്തുത ചെലവുകൾ പദ്ധതി നിർവ്വഹണ ചെലവുകൾക്കായിമാത്രമുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് ചെയ്യേണ്ടിയിരുന്നത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 700000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-4 ആദായ നികുതി ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നിർവ്വഹണം നടത്തിയതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ,ഓർക്കാട്ടേരി ലേബർ കോൺട്രാക്ട് കോ-ഓപ് സൊസൈറ്റി എന്നീ കരാറുകാർക്ക് തുക നല്കിയിട്ടുണ്ട് . ആകെ പ്രവൃത്തിമൂല്യത്തിന്റെ 1%നിരക്കിൽ ആദായനികുതി ഈടാക്കിയാണ് തുക നല്കിയിരിക്കുന്നത് . ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ

നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിലാണ് ആദായനികുതി ഈടാക്കേണ്ടത്.നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ താഴെ പറയും പ്രകാരം 14626/- രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആകെ മൂല്യം | അവസാന ബിൽ തുക | ഈടാക്കിയ നികുതി | ഈടാ ക്കേണ്ടത് | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 36/15-കെ.പി.ആർ നഗർ ആയുർവ്വേദ ഡിസ്പെൻസറി റോഡ്-ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | ulccs | 480587 | 301152/-ബിൽ നം.16/24.3.15 | 4806 | 9612/- | 4806 |
| 2 | 31/15-ബ്ലോക്ക് ഓഫീസ് ആവിക്കര ബീച്ച് റോഡ് -അഴിയൂർ ഗ്രാമപഞ്ചായത്ത് | ulccs | 476318 | 250870/- ബിൽ നം.18/24.3.15 | 4763 | 9526 | 4763 |
| 3 | 40/15-റോഡ് പുനരുദ്ധാരണ പദ്ധതി -ബ്ലോക്കോഫീസ് ആവിക്കര ബീച്ച് റോഡ്-അഴിയൂർ (രണ്ടാം ഘട്ടം) | ulccs | 21058 | 2562/-ബിൽ നം.20/24.3.15 | 211 | 422 | 211 |
| 4 | 33/15-ഏറാമല അണക്കെട്ട് റോഡ്-ഏറാമല ഗ്രാമപഞ്ചായത്ത് | olccos | 484577 | 276470/-ബിൽ നം.23/28.3.15 | 4846 | 9692 | 4846 |
| ആകെ | | | | | | | 14626/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ളോക്ക് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം -9/16

അടങ്കൽ -419375 (വികസനഫണ്ട്)

ചെലവ് -419375

(ബിൽ നം-3/30-9-15 തുക -112500/-,ബിൽ നം-43/15-3-16 തുക -306875/-)

ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ഇതിനായി താഴെ പറയും പ്രകാരം തുകകൾ നാല് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | നൽകിയ തുക | ഡി.ഡി നം/തീയ്യതി |
|---|---|---|
| ഒഞ്ചിയം | 112500 | DD NO-725638/10-8-15 |
| ഏറാമല | 112500 | DD NO-286261/17-3-16 |
| ചോറോട് | 112500 | DD N0-286260/17-3-16 |
| അഴിയൂർ | 81875 | DD NO-286262/17-3-16 |

മേൽ തുക ലഭിച്ചത് സംബന്ധിച്ച് പഞ്ചായത്തുകളുടെ കൈപ്പറ്റ് രസീതി ഉണ്ടെങ്കിലും തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 419375/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത്- ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

2014-15 വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ 6 പ്രൊജക്ടുകളുടെയും2015-16 വർഷത്തിലെ 4 പ്രൊജക്ടുകളുടെയും കാര്യത്തിൽ റോഡിന്റെ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി 15 സെ.മി. കനത്തിൽ ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ഇരു വർഷങ്ങളിലുമായി യഥാക്രമം1.27 ലക്ഷം രൂപയും 1.98ലക്ഷം രൂപയും മേൽ പ്രവൃത്തികളുടെ കാര്യത്തിൽ ക്വാറി മക്ക് ഫില്ലിംഗിനായി വിനിയോഗിച്ചിട്ടുമുണ്ട്.റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 26.9.16 ന് 718974/estt.D4/16/Fin നമ്പർ കത്തു പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി(ഫിനാൻസ്) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നല്കിയ ക്ലാരിഫിക്കേഷനിൽ ,നിലവിലുള്ള മണ്ണിനെ സ്റ്റബിലൈസ് ചെയ്യാനും,സബ് ഗ്രേഡിന്റെ CBR വാല്യൂ മെച്ചപ്പെടുത്താനും ക്വാറി മക്ക് ഉപയോഗപ്പെടുത്താമെന്നും,എന്നാൽ സബ് ബേസിന്റെ CBR വാല്യൂ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ,ക്വാറി മക്ക് ഉപയോഗിച്ചാൽ റോഡ് പ്രവൃത്തിയുടെ ആകെ ചെലവിൽ കുറവുണ്ടാകുമെന്നും തെളിയിക്കുന്ന ഡാറ്റാ ക്വാറിമക്ക് ഉപയോഗിക്കാനുള്ള ഏതൊരു പ്രൊപ്പോസലിനും സപ്പോർട്ടിംഗ് ഡോക്യുമെന്റായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിരുന്നു.എന്നാൽ ഇത്തരം യാതൊരു ഡാറ്റായും ഇല്ലാതെയും ക്വാറിമക്ക് ഉപയോഗിക്കേണ്ടി വരുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയുമാണ് ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും അനാവശ്യചെലവുവരുമെന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 ഒരേ റോഡ് പ്രവൃത്തിയ്ക്ക് രണ്ട് പ്രൊജക്ടുകൾ- ആവശ്യകത വ്യക്തമാക്കേണ്ടതാണ്

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അഴിയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബ്ലോക്കോഫീസ് ആവിക്കര ബീച്ച് റോഡിന്റെ നവീകരണത്തിനായി 31/15,49/15 എന്നീ നമ്പരുകളിലായി രണ്ട് പ്രൊജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ചെയിനേജ് 0/450 വരെ ആദ്യ പ്രൊജക്ടുപ്രകാരവും 0/450 മുതൽ 0/470 വരെ രണ്ടാം ഘട്ടം എന്ന നിലയിൽ രണ്ടാമത്തെ പ്രൊജക്ടുപ്രകാരവുമാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. യഥാക്രമം 5 ലക്ഷവും 25000/- രൂപയും എസ്റ്റിമേറ്റുള്ള രണ്ട് പ്രൊജക്ടുകളും നിർവ്വഹിച്ചിരിക്കുന്നത് ULCCS ആണ്. പദ്ധതിആസൂത്രണ മാർഗ്ഗരേഖ, പൊതുമരാമത്ത് മാന്വൽ എന്നിവ പ്രകാരം കെട്ടിടങ്ങളും റോഡുകളുമുൾപ്പടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ ടി ആസ്തിയുടെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന രീതിയിൽ പ്രൊജക്ട് തയ്യാറാക്കണമെന്നും ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷപ്രൊജക്ടായി നിർവ്വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരേ പ്രവൃത്തിയ്ക്ക് രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തിയതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-8 റോഡ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് -ചുമതലയിൽ പെടാത്തത്

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

അസി.എക്സി.എഞ്ചിനീയർ 2014-15 വർഷത്തിൽ നിർവ്വഹണം നടത്തിയ 14 പ്രൊജക്ടുകളിൽ 11 പ്രൊജക്ടുകളും 2015-16 വർഷത്തിൽ നിർവ്വഹണം നടത്തിയ 17 പ്രൊജക്ടുകളിൽ 11 പ്രൊജക്ടുകളും റോഡ് പ്രവൃത്തികളുടേതാണ്.ഇവയ്ക്കായി ഇരുവർഷങ്ങളിലുമായി യഥാക്രമം 34.69 ലക്ഷം രൂപയും 57.55 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | ഫണ്ടിനം | ചെലവു പത്രിക പ്രകാരം ആകെ ചെലവ് |
|---|---|---|---|
| 2014-15 | | | |
| 1 | 31/15 | പ്ലാൻ(ജനറൽ) | 471275 |
| 2 | 32/15 | പ്ലാൻ(ജനറൽ) | 487871 |
| 3 | 33/15 | പ്ലാൻ(ജനറൽ) | 479921 |
| 4 | 34/15 | പ്ലാൻ(ജനറൽ) | 84771 |
| 5 | 35/15 | പ്ലാൻ(ജനറൽ) | 93248 |
| 6 | 36/15 | പ്ലാൻ(ജനറൽ) | 496126 |
| 7 | 37/15 | പ്ലാൻ(ജനറൽ) | 378826 |
| 8 | 49/15 | മറ്റുള്ളവ | 19516 |
| 9 | 59/15 | പ്ലാൻ(ജനറൽ) | 18880 |
| 10 | 62/15 | പ്ലാൻ(ജനറൽ) | 462375 |
| 11 | 63/15 | പ്ലാൻ(ജനറൽ) | 476209 |
| ആകെ | | | 3469018 |
| 2015-16 | | | |
| 1 | 27/16 | പ്ലാൻ(ജനറൽ) | 495613 |
| 2 | 28/16 | പ്ലാൻ(ജനറൽ) | 500000 |

| | | | |
|---|---|---|---|
| 3 | 31/16 | പ്ലാൻ(ജനറൽ) | 976986 |
| 4 | 32/16 | പ്ലാൻ(ജനറൽ) | 500000 |
| 5 | 34/16 | പ്ലാൻ(ജനറൽ) | 500000 |
| 6 | 35/16 | പ്ലാൻ(ജനറൽ) | 499428 |
| 7 | 37/16 | പ്ലാൻ(ജനറൽ) | 500000 |
| 8 | 38/16 | പ്ലാൻ(ജനറൽ) | 500000 |
| 9 | 48/16 | പ്ലാൻ(ജനറൽ) | 404601 |
| 10 | 49/16 | പ്ലാൻ(ജനറൽ) | 386784 |
| 11 | 51/16 | പ്ലാൻ(ജനറൽ) | 491673 |
| ആകെ | | | 5755085 |

രേഖകൾ പരിശോധിച്ചതിൽ മേല്പറഞ്ഞ റോഡുകൾ മുഴുവനും ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്കുള്ളിലുള്ളതും ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽപ്പെടുന്നതുമാണെന്ന് കാണുന്നു. കൂടാതെ റോഡുകൾ മുഴുവൻ 3.5 മീറ്ററിൽ താഴെ മാത്രം വീതിയുള്ളതുമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 (1) പ്രകാരമുള്ള നാലാം പട്ടികയിൽ ,ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ പ്രതിപാദിക്കുന്നതിൽ , മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ പെടുന്നതാണ് പൊതുമരാമത്ത്. ഇതു പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതു മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നത്. 16.11.13ലെ എം.എസ് 362/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ ഗതാഗതമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് നിർവ്വഹിക്കാവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്നുമില്ല.ആക്ട് പ്രകാരമോ, ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ പ്രകാരമോ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത റോഡുകളുടെ പരിപാലനത്തിന് , മേല്പറഞ്ഞവപ്രകാരം ചുമതലയേല്പിച്ച കാര്യങ്ങൾ/ചുമതലകൾ നിറവേറ്റുന്നതിന് ലഭ്യമായ ഫണ്ട് വകമാറ്റിചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. 2014-15 വർഷത്തിൽ ലഭ്യമായ ആകെ പ്ലാൻ (ജനറൽ)ഫണ്ടിന്റെ 21.28%വും(ആകെ ചെലവിന്റെ 23.52%) 2015-16വർഷത്തിൽ ലഭ്യമായതിന്റെ 35.36%വും(ആകെ ചെലവിന്റെ 36.1%)ഇപ്രകാരം വകമാറ്റിയെന്നത് ഗൌരവപൂർവ്വം കാണേണ്ടതുണ്ട്.

## 3-9 സാധനങ്ങൾ വാങ്ങിയത്- പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച

പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായുംപാലിച്ചില്ല. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും ,കമ്മിറ്റി എല്ലാ നിർവ്വഹണഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയും,പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചെന്ന് വരുത്തിതീർക്കാൻ,നടപടിക്രമങ്ങൾ പ്രൊക്വർമെന്റ് കമ്മിറ്റിയെക്കൊണ്ട് അംഗീകരിപ്പിക്കുകയെന്ന കാര്യം മാത്രം ചെയ്തതായും കാണുന്നു(ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു). ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപതി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ സാധനം | ചെലവ് തുക | സ്ഥാപനം |
|---|---|---|---|---|---|
| 1 | എസ്.സി.ഡി.ഒ | 20/15-അഴിയൂർ പ്രീ മെട്രിക് ഹോസ്റ്റലിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ<br>64/16അഴിയൂർ പ്രീ മെട്രിക് ഹോസ്റ്റലിലേക്ക് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങൽ<br>12/16-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | ഫാൻ-3<br>ബോഡ് ഷീറ്റ്-30<br>ബെഡ് -10<br>സോഫ<br>എക്സി.ചെയർ<br>കോൺ.ചെയർetc<br>ലാപ് ടോപ്പ് | 42761/-<br>691036/-<br>81600 | കയർഫെഡ്<br>rubco<br>കെൽട്രോൺ |
| 2 | എ.ഡി.എ | 2/15-എ.ഡി.എ ഓഫീസിന് ഫർണ്ണിച്ചർ | തേക്ക് ടേബിൾ<br>സ്റ്റീൽ അലമാര<br>സ്റ്റീൽ ടേബിൾ etc. | 50000 | സിഡ്കോ |
| 3 | സി.ഡി.പി.ഒ | 21/16 ഐ.സി.ഡി.എസ് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | കമ്പ്യൂട്ടർ ചെയർ-2<br>കമ്പ്യൂട്ടർടേബിൾ-2<br>സ്റ്റീൽ അലമാര-2<br>സ്റ്റീൽ ടേബിൾ-1 | | സിഡ്കോ |

പ്രൊക്വർമെന്റ് മാന്വലിന് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയത് വിശദീകരിക്കപ്പെടേണ്ടതാണ്.

## 3-10 പ്രീ മെട്രിക് ഹോസ്റ്റൽ- ഫർണ്ണിച്ചർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് - 64/16 പ്രീ മെട്രിക് ഹോസ്റ്റൽ- ഫർണ്ണിച്ചർ വാങ്ങൽ

അടങ്കൽ - 8,00,000/-രൂപ , വികസന ഫണ്ട് എസ് സി പി

ചെലവ് – 6,91,036/- രൂപ

മേൽ പ്രൊജക്ട് പ്രകാരം 6,91,036/- രൂപയ്ക്ക് ഫർണ്ണിച്ചർ വാങ്ങിയതു സംബന്ധിച്ച നടപടികലൾ സ്വീകരിച്ച ഫയൽ ട്രഷറി ബില്ലുകൾ, ബിൽ ബുക്ക്, അനുബന്ധ രേഖകൾ എന്നിവ 16.02.2017 ന് റിക്വിസിഷൻ നല്കിയിട്ടും ഹാജരാക്കിയിട്ടില്ല. ആയതിനാൽ 6,91,036/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-11 ഗ്രൂപ്പ് വാഴ കൃഷി -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ,കൃഷി

പ്രൊജക്ട് - 04/15 ഗ്രൂപ്പ് വാഴ കൃഷി

അടങ്കൽ - 5,00,000/-രൂപ ,വികസനഫണ്ട് (ജനറൽ)

ചെലവ് - 73,080/- രൂപ, ബിൽ നം. 1/30.03.2015

301860/-രൂപ, ബിൽ നം. 3/31.03.2015

ആകെ 3,74,940 രൂപ

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 04.02.2015 ലെ 3.11ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ കാർഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 4 ഗ്രാമപഞ്ചായത്തുകളിൽ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് 'പ്രോഗ്രസ് വടകര' എന്ന പേരിൽ സമഗ്ര കാർഷിക പ്രോജക്ട് നടപ്പിലാക്കുന്നതിനാണ് അനുമതി ലഭിച്ചിരിക്കുന്നത്. എന്നാൽ വാഴകൃഷി മാത്രമാണ് നടത്തിയിരിക്കുന്നത്.

സാമ്പത്തിക വിശകലനം താഴെ കൊടുക്കുന്നു.

| ഫണ്ടിന്റെ വിവരം | തുക |
|---|---|
| വികസന ഫണ്ട് | 3,75,000 |
| ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് | 24,375 |
| ഗുണഭോക്തൃ വിഹിതം,നേരിട്ട് | 1,00,625 |
| ആകെ | 5,00,000 |

മേൽ അടങ്കൽ താഴെ പറയും പ്രകാരം വിനിയോഗിക്കാനാണ് ഉദ്ദേശിച്ചത്.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് | ഗുണഭോക്തൃ വിഹിതം,നേരിട്ട് | ആകെ |
|---|---|---|---|---|---|
| | ജൈവ വളം | 3,01,875 | -- | 1,00,625 | 4,02,500 |
| | വാഴക്കന്ന് | 73,125 | 24,375 | -- | 97,500 |
| | | 37,5000 | 24,375 | 1,00,625 | 5,00,000 |

അപാകതകൾ

1. പദ്ധതി പ്രകാരം എത്ര ഗ്രൂപ്പുകൾക്ക് ഏതു തീയ്യതിയിൽ വാഴക്കന്നുകൾ നൽകി എന്നും , എന്ന് കൃഷി തുടങ്ങി എന്നീ വിവരങ്ങളില്ല.

2.വിവിധ ഗ്രൂപ്പുകൾ ജൈവ വളം,മറ്റ് ഉൽപ്പാദനോപാധികൾ എന്നിവ എത്ര വാങ്ങി,എവിടെ നിന്നും വാങ്ങി, ഗ്രൂപ്പ് വാഴ കൃഷി യുടെ പുരോഗതി എന്നീ വിവരങ്ങൾ ഇല്ലാതെയാണ് സബ്സിഡി തുക നൽകിയത്.

3.കൃഷി ഓഫീസർമാർ നൽകിയ സ്റ്റേറ്റ്മെൻറുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. മതിയായ രേഖകളുടെ അഭാവത്തിൽ ചെലവുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 3,74,940 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-12 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ളോക്ക് പഞ്ചായത്ത് വിഹിതം നൽകൽ–പ്രോജക്ട് രൂപീകരണത്തിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്തിലെ നാല് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനായി 2014-15,2015-16 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| വർഷം | 2014-15 | 2015-16 |
| പ്രോജക്ട്നം | 18/15 | 10/16 |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 400000 | 500000 |
| ചെലവ് | 400000 | 350000 |
| ബിൽനം | 6/30-9-14 | 15/5-10-15 |
| പഞ്ചായത്തുകൾക്ക് നൽകിയ തുക | ഒഞ്ചിയം-100000<br>ചോറോട്-100000<br>ഏറാമല-100000<br>അഴിയൂർ-100000 | ഒഞ്ചിയം-100000<br>ചോറോട്-100000<br>ഏറാമല-100000<br>അഴിയൂർ-50000 |

1994 ലെ കേരള പഞ്ചായത്തീ രാജ് നിയമങ്ങളും ചട്ടങ്ങളും നാലാം പട്ടിക പ്രകാരം ആരോഗ്യമേഖലയിലെ ബ്ളോക്ക് പഞ്ചായത്തുകളുടെ ചുമതല എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹികാരേഗ്യകേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുകയാണ്. കൂടാതെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ പ്രകാരം സംയുക്ത പ്രോജക്ടുകളായി ഏറ്റെടുത്ത് നടത്താവുന്ന പദ്ധതികളിൽ ആയൂർവേദആശുപത്രികൾക്ക് മരുന്ന് ലഭ്യമാക്കൽ പ്രോജക്ട് ഉൾപ്പെടുന്നില്ല. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് രണ്ട് വർഷങ്ങളിലും പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. കൂടാതെ പഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. 2014-15 വർഷത്തെ ചെലവ് 4,00,000/- രൂപയും 2015-16 വർഷത്തെ ചെലവ് 3,50,000/- രൂപയുമടക്കം ആകെ 7,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 മഴക്കാല പൂർവ്വ ശുചീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പ്രൊജക്ട് - 23/15, മഴക്കാല പൂർവ ശുചീകരണ പ്രവർത്തനം

അടങ്കൽ - 1,00,000/-രൂപ ,വികസനഫണ്ട് (ജനറൽ)

ചെലവ് - 1,00,000/- രൂപ, ബിൽ നം. 7/24.03.2015

14 ബ്ലോക്ക് ഡിവിഷൻ തലത്തിൽ പ്രശ്നബാധിത പ്രദേശങ്ങൾ കണ്ടെത്തി ഉറവിടനശീകരണ പ്രവർത്തനങ്ങളും ജലശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 172-ാം വകുപ്പ്, ഒന്നാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും ശുചീകരണപ്രവർത്തനങ്ങളും ഉൾപ്പെടുന്നില്ല. ആയത് 166-ാം വകുപ്പ്, ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. അതായത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തിക്കുവേണ്ടിയാണ് തുക ചെലവഴിച്ചത്.2013-14 ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടും ആവർത്തിക്കുന്നതായി കാണുന്നു.

## 3-14 ലാപ് ടോപ് വിതരണം -മാനദണ്ഡങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് - 28/16 പ്രൊഫഷണൽ കോളെജ് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നല്കൽ

അടങ്കൽ - 3,26,400/-രൂപ , വികസന ഫണ്ട് എസ് സി പി

ചെലവ് - 81600/- രൂപ

പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ താമസക്കാരും, അംഗീകൃത സ്ഥാപനത്തിൽ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് 12ലാപ് ടോപുകൾ വാങ്ങി നല്കുന്നതിനാണ് പദ്ധതി.

ഫയൽ പരിശോധിച്ചതിൽ, ആകെ വാങ്ങി നല്കിയ 3 ലാപ് ടോപുകളിൽ ഒന്ന് എം എസ് സി കെമിസ്ട്രി യ്ക്ക് പഠിക്കുന്ന വിദ്യാർത്ഥിനിയ്ക്കാണ് നല്കിയിട്ടുള്ളത്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നല്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-15 തറി ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വ്യവസായ വികസന ഓഫീസർ

പ്രൊജക്ട് - 28/15 കൈത്തറി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് തറി ഉപകരണങ്ങൾ വാങ്ങാൻ സഹായം

അടങ്കൽ - 80,5000/-രൂപ ,വികസനഫണ്ട് (ജനറൽ)

ചെലവ് - 4,02,500 രൂപ, ബിൽ നം. 1/27.03.2015

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കേരളാ ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ് സൊസൈറ്റി, ചോമ്പാല ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ് സൊസൈറ്റി,ഏറാമല ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ് സൊസൈറ്റി എന്നിവയിലെ അംഗങ്ങൾക്ക് തറി ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി.

ഓരോ സൊസൈറ്റിയിലേയും അംഗങ്ങളെ ഓരോ ഗ്രൂപ്പായി തിരിച്ച് സബ്സിഡി തുക ബാക്ക് എൻഡഡ് ആയി താഴെപ്പറയും പ്രകാരം ലോണനുവദിച്ച ബേങ്കുകൾക്ക് നൽകിയിരിക്കുകയാണ്.

| ക്രമ നമ്പർ | സൊസൈറ്റിയുടെ പേര് | അടങ്കൽ | സബ്സിഡി | ചെക്ക് നമ്പർ | ബേങ്ക് |
|---|---|---|---|---|---|
| 1 | കേരള | 3,10,000 | 1,55,000 | 589987 | കെ.ഡി.സി |

| | | | | | |
|---|---|---|---|---|---|
| | | | | dt 9.04.15 | ബേങ്ക് അഴിയൂർ |
| 2 | ചോമ്പാല | 1,45,000 | 72,500 | 590007 dt 9.04.15 | കെ.ഡി.സി ബേങ്ക് അഴിയൂർ |
| 3 | ഏറാമല | 3,50,000 | 1,75,000 | 589989 dt 9.04.15 | കെ.ഡി.സി ബേങ്ക് ഓർക്കാട്ടേരി |
| | | 8,05,000 | 4,02,500 | | |

കേരളാ ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ് സൊസൈറ്റി,ഏറാമല ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ് സൊസൈറ്റി എന്നിവയുടെ ലോൺ തിരിച്ചടവിന്റെ പാസ്ബുക്കുകൾ പരിശോധിച്ചതിൽ മൊത്തം തുകയ്ക്കും ബേങ്ക് പലിശ ഈടാക്കിയതായി കാണുന്നു. സബ്സിഡി അനുവദിക്കുന്നതിനായി ബേങ്കുകൾക്ക് നല്കിയ 4,02,500 രൂപയ്ക്ക് ബേങ്ക് പലിശ നല്കുന്നുമില്ല. അനധികൃതമായി ബാങ്കുകൾ ഗുണഭോക്താക്കളിൽ നിന്ന് പലിശ ഈടാക്കുന്നത് നിർത്തേണ്ടതും, ഈടാക്കിയ അധിക പലിശ തിരിച്ച് കൊടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-16 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയത്- പൊളിച്ചെടുത്ത സാധനങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല

നിർവ്വഹണം: അസി.എക്സി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചതിന്റെ ഭാഗമായി പൊളിച്ചെടുത്ത വിവിധ വസ്തുക്കൾ സ്റ്റാക്ക് ചെയ്യുകയോ, ലേലം ചെയ്ത് കൈയ്യൊഴിയുകയോ ചെയ്തിട്ടില്ല

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആകെ മൂല്യം | അളവുപുസ്തകം | അവസാനബിൽ തുക | പൊളിച്ചെടുത്ത വസ്തുക്കൾ | | |
|---|---|---|---|---|---|---|---|---|
| | | | | | | ഇനം | വസ്തു | എണ്ണം |
| 1 | 29/15-പ്രീ മെട്രിക്ക് ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ | MP പ്രേമൻ | 267697/- | 10/2011 | 267697/-(ബിൽ നം-1/16.7.15) | App.A1- ഡോർ 3<br>2 വിൻഡോ 1. 2m2<br>App.B.1-ഡോർ 3<br>2.വിൻഡോ1.2m2<br>3. വിൻഡോ----- 1 | | |
| 2 | 39/15-CHCയുടെയും ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപ്പണികൾ | പ്രേം കുമാർ | 1087283/- | 82/14-15 | 202755/-(ബിൽ നം-6/4.3.16) | 1 ഡോർ 8<br>2 വിൻഡോ 15<br>3വെന്റിലേറ്റർ 3 | | |

ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും ,വസ്തുക്കളുടെ നിലവിലെ അവസ്ഥ വിശദമാക്കേണ്ടതുമാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം (ആർ.പി.31) താഴെ പറയുന്ന തുകകൾ സംയുക്ത പദ്ധതികൾക്കായി ചെലവഴിച്ചതായി കാണുന്നുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| വർഷം | തുക |
|---|---|
| 2014-15 | 35,27,750 |
| 2015-16 | 34,51,625 |
| ആകെ | 69,79,375 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയതിന്റെ വിവരം

ഓഡിറ്റ് വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്ക് തുക കൈമാറിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകി പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

## 4-4 വായ്പയും വായ്പാ തിരിച്ചടവും

ഓഡിറ്റ് വർഷങ്ങളിൽ വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

2014-15

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | തൻവർഷം എടുത്ത വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ.എ.വൈ ഭവനനിർമ്മാണം | ജി.ഒ.(എം.എസ്.) നം.90/13തിയതി 14-03-13 | | 87672 | 998180 | 187490 | 898362 |

2015-16

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക | തൻവർഷം എടുത്ത വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനനിർമ്മാണം | ജി.ഒ.(എം.എസ്.) നം. 90/13തിയതി 14-03-13 | | ഇല്ല | 898362 | 898362 | 275148 | ഇല്ല |

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിനു സ്ഥിര നിക്ഷേപങ്ങളൊന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷങ്ങളിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | | സാനിട്ടറി മാർട്ട് തുടങ്ങിയില്ല. 3 ലക്ഷം ഗുണഭോക്തൃ സമിതിയുടെ കൈവശം | |
| 2003-04 | 3-1<br>3-7<br>3-3, 3-4 | 2005-06<br>2005-06<br>2005-06 | | വനിതാ വ്യവസായ എസ്റ്റേറ്റ് - സാങ്കേതികനിർദ്ദേശം പാലിക്കുന്നില്ല.<br>പട്ടികജാതിവനിതകൾക്ക് ഇലക്ട്രോണിക്ക്പ്രവൃത്തിയിൽ പരിശിലനം<br>ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | |
| 2004-05 | 3-3 | 2006-07 | | നൊച്ചാട്ടുതാഴം വെങ്ങോളിതാഴം റോഡ് പരിഷ്കരണം - അധികം ടാർ നൽകി | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| സാമ്പത്തിക വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34176045 | 27529573 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27460691 | 46886053 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | …… | 291088 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1474940 | 2160411 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | | സർചാർജ്ജ് ചെയ്യാവുന്നവ | | |
| | 2014-15 | 2015-16 | 2014-15 | 2015-16 | |
| 3-1 | | | | 291088 | ശ്രീ.ഉദയൻ.കെ.യു , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | | | 291088 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരുംബ്ലോക്ക് |
|---|---|---|---|
| | 2014-15 | 2015-16 | |
| 3-2 | 700000 | | ശ്രീ ശശി കുമാർ പി എസ്, ക്ഷീര വികസന ഓഫീസർ |
| 3-3 | | 700000 | ശ്രീ ഉണ്ണികൃഷ്ണൻ എം, ക്ഷീര വികസന ഓഫീസർ |
| 3-5 | | 112500 | ശ്രീമതി പുഷ്പലത വി,ശിശു വികസന പദ്ധതി ഓഫീസർ |
| | | 306875 | ശ്രീമതി ധന്യ ടി എൻ,ശിശു വികസന പദ്ധതി ഓഫീസർ |
| 3-10 | | 691036 | പട്ടിക ജാതി വികസന ഓഫീസർമാരായ<br>ശ്രീമതി ശ്രീലത കെ, ജോൺ നൈനാൻ എന്നിവർ |
| 3-11 | 374940 | | ശ്രീ എ സുരേഷ് നെൽസൺ,കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-12 | 400000 | 350000 | ശ്രീ. ജോസ് തോമസ്, സെക്രട്ടറി<br>ശ്രീ. എ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| ആകെ | 1474940 | 2160411 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | വിഷയം | കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|

| | | | |
|---|---|---|---|
| 3-4 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 14626 | ശ്രീ സന്തോഷ് എം വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉദയൻ.കെ.യു,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശരണ്യ,തിരുവങ്ങാട്ട് തടം,ചേലേമ്പ്ര പി. ഒ, മലപ്പുറം- 673634 |
| ശ്രീ ശശി കുമാർ പി എസ്, ക്ഷീര വികസന ഓഫീസർ | വിരമിച്ചു. | പപ്പാലമറ്റം (വീട്), വേളൂർ.പി.ഒ, കോട്ടയം |
| ശ്രീ ഉണ്ണികൃഷ്ണൻ എം, ക്ഷീര വികസന ഓഫീസർ | | ലക്ഷ്മീ നാരായണം, പി.ഒ. ചോറോട്, വടകര |
| ശ്രീമതി പുഷ്പലത വി,ശിശു വികസന പദ്ധതി ഓഫീസർ | | അപൂർവ വീട്, ചോമ്പാല.പി.ഒ 673308 |
| ശ്രീമതി ധന്യ ടി എൻ,ശിശു വികസന പദ്ധതി ഓഫീസർ | | തെക്കേ നമ്പാറത്ത്, മേലൂർ.പി.ഒ, കൊയിലാണ്ടി 673306 |
| ശ്രീമതി ശ്രീലത കെ, പട്ടികജാതി വികസന ഓഫീസർ | | സാരംഗ്, മേലൂർ.പി.ഒ., കൊയിലാണ്ടി 673306 |
| ശ്രീ.ജോൺ നൈനാൻ, പട്ടികജാതി വികസന ഓഫീസർ | | ലൗ പാരഡൈസ്, കൊട്ടുവള്ളി.പി.ഒ, 691502 |
| ശ്രീ എ സുരേഷ് നെൽസൺ,കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ഷൈൻ, മുത്തുസ്വാമി ലെയ്ൻ, ദേവസ്വം ബോർഡ് ജംഗ്ഷൻ, തിരുവനന്തപുരം 695003 |
| ശ്രീ. ജോസ് തോമസ്, സെക്രട്ടറി | | ഇലഞ്ഞിപ്പുറത്ത് വീട്, മണിമല.പി.ഒ, കോട്ടയം ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(1) തിയതി 4-11-14 | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(8) തിയതി 11-12-14 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി(പി7)1542/14(6) തിയതി 17-10-11 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി7) 1422/13 തിയതി 19-11-13 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി7)1542/11(8) തിയതി 24-2-12 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(5) തിയതി 4-11-14 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(6) തിയതി 5-11-14 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി(എസ്1)236/10(2) തിയതി 18-06-12 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(7)തിയതി 06-11-14 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(9) തിയതി 06-11-14 | |
| 2011-12 2012-13 | എൽ.എഫ്.കെ.കെ.ഡി(പി7)1769/13(1) തിയതി 11-07-14 | |
| 2013-14 | എൽ.എഫ്.കെ.കെ.ഡി(പി7) 2080/14 തിയതി 09.03.2015 | |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ.കെ.കെ.ഡി/പി 7/ 412/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി- 24.03.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടകര ബ്ലോക്ക് ഗ്രാമപഞ്ചായത്തിന്റെ 2014-15ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 7/ 412/2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 24.03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vatakara Block Panchayat for the year ended on 31-3-2015 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Vatakara Block Panchayat for the year 2014-15 except this observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

District Audit Office, Kozhikode.

കെ.എസ്.എ.കെ.കെ.ഡി/പി 7/ 412/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 24.03.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടകര ബ്ലോക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 7/ 412/2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated 24.03.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vatakara Block Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Vatakara Block Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

District Audit Office, Kozhikode.